ഇതു കൂടാതെ വീട്ടുജോലിക്കായി പോയി പീഡിപ്പിക്കപ്പെട്ട പത്തോളം സ്ത്രീകളെയും എംബസികൾ വഴി നാട്ടിലെത്തിച്ചിട്ടുണ്ട്.

പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ

38 (2967)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ കാര്യ വകുപ്പ് രൂപവൽക്കരിച്ചതിനുശേഷം പ്രവാസികളിൽനിന്നും അവരുടെ ബന്ധുക്കളിൽ നിന്നും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം പ്രശ്നങ്ങളെപ്പറ്റിയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിദേശത്ത് പ്രവാസികളെ ചൂഷണം ചെയ്യുന്നതിനെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ പദ്ധതി പ്രവാസികൾക്ക് പ്രയോജനപ്രദമാക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി)പ്രവാസികളെപ്പറ്റിയുള്ള ഒരു സെൻസസ് ഈ വകുപ്പിനെക്കൊണ്ടെടുക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഏതാണ്ട് അയ്യായിരത്തോളം പരാതികളും നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. മറുനാട്ടിൽ കാണാതായവർ, അന്യരാജ്യത്തെ പീഡനം, നാട്ടിലുള്ള കുടുംബാംഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ, വസ്തുവകകൾ കയ്യേറ്റം, പണമിടപാടുകളിലെ തിരിമറികൾ, വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ്, സ്പോൺസർമാർ/തൊഴിലുടമകൾ എന്നിവരുടെ വാഗ്ദാനലംഘനം എന്നിവയിൻമേലുള്ള പരാതികൾ, ഗ്യാസ്, ടെലിഫോൺ വൈദ്യുതി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവയ്ക്കായുള്ള നിവേദനങ്ങൾ പ്രവാസി സുരക്ഷ ക്ഷേമ പദ്ധതി സംബന്ധിച്ച അന്വേഷണങ്ങൾ തുടങ്ങിയവയെപ്പറ്റിയാണവ.

(ബി) ഉണ്ട്. ഈ പരാതികൾ ഇന്ത്യൻ എംബസികളുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. ഇത് ഒരു അപകട ഇൻഷ്വറൻസ് പദ്ധതിയാണ്. ഈ പദ്ധതിയിൽ 60,000-ൽപ്പരം പ്രവാസി ഇന്ത്യാക്കാർ അംഗത്വമെടുത്തുകഴിഞ്ഞു. ഈ പദ്ധതി പ്രകാരം ഇതുവരെ ഒരു കോടിയോളം രൂപ ഇൻഷുറൻസ് തുകയായി വിതരണം ചെയ്തിട്ടുണ്ട്.

(ഡി) പ്രവാസി കേരളീയരെപ്പറ്റി ഒരു സാമൂഹ്യ സാമ്പത്തിക സാമ്പിൾ സർവേ നടത്താൻ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly